"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -കില (ഇടിസി)തളിപ്പറമ്പിൽ നിന്ന് വിരമിച്ച ശ്രീമതി അനിത.എൻ.കെ, ലക്ചറർഗ്രേഡ്-II (ഹോംസയൻസ്)-ന്റെ ഡി.സി.ആർ.ജിയിൽ നിന്നും റിക്കവറി ചെയ്ത തുക തിരികെ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി)വകുപ്പ്**

സ.ഉ.(സാധാ) നം.2668/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.1441/20222/തസ്വഭവ, തീയതി.14.06.2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.04.2025 തീയതിയിലെ LSGD/PD/36328/2024-PENB7 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) ഉത്തരവ് പ്രകാരം 14.06.2022-നു മുൻപ് സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും പരിശീലനകാലത്ത് അധികമായി നൽകിയ ശമ്പളം തിരിച്ചടച്ച ഇനത്തിൽ ഈടാക്കിയതോ സ്വമേധയാ അടവാക്കിയതോ ആയ തുക തിരികെ നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കില (ഇ.ടിസി) തളിപ്പറമ്പിൽ നിന്നും 31.05.2018-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.അനിത.എൻ.കെ, ലക്ചറർ ഗ്രേഡ്-II (ഹോം സയൻസ്) വി.ഇ.ഒ സർവ്വീസിലിരിക്കെ പ്രീസർവ്വീസ് ട്രെയിനിംഗ് കാലയളവ് കണക്കാക്കി അധികം കൈപ്പറ്റിയ തുകയായ ₹25,519/- ടിയാളുടെ ഡി.സി.ആർ.ജിയിൽ നിന്നും 2515-00-003-50-01-Salaries(NP) എന്ന അക്കൌണ്ടിലേക്ക് തിരികെ ഈടാക്കിയിരുന്നു. എന്നാൽ, പ്രസ്തുത ഉത്തരവ് പ്രകാരം 01.01.2021-ന് ശേഷം അധികമായി കൈപ്പറ്റിയ തുക മാത്രമേ തിരിച്ചു പിടിക്കേണ്ടതുള്ളുവെന്നും ആയതിനാൽ 31.05.2018-ന് സർവ്വീസിൽ നിന്നും വിരമിച്ച ടിയാളുടെ ഡി.സി.ആർ.ജിയിൽ നിന്നും തടഞ്ഞു വച്ച ₹25,519/- തിരികെ അനുവദിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീമതി.അനിത.എൻ.കെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.05.2018-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.അനിത.എൻ.കെ-യ്ക്ക് അനുവദിക്കേണ്ട ₹25,519/-രൂപ (ഇരുപത്തി അയ്യായിരത്തി അഞ്ഞൂറ്റി പത്തൊൻപത് രൂപ മാത്രം) 2515-00-003-50-

**00-34-03-N-V** ശീർഷകത്തിലെ നടപ്പ് സാമ്പത്തികവർഷത്തെ നീക്കിയിരിപ്പിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 05-11-2025 15:46:42